കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വിതുര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1968/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം, തീയതി. 10.10.2017

ഇമെയിൽ - lfadtvm@yahoo.in

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിതുര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും ഭാഗം 3 ലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/1968 /2017 തീയതി: 10.10.2017

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 13.9.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽകണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ എണ്ണം നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി ന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017മുതൽ 18.09.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ശ്രീജ.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി തനൂജ.എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രേഖ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.എസ്.എൽ.കൃഷ്ണകുമാരി. 01.04.2016 മുതൽ 31.03.2017 വരെ

സെക്രട്ടറി : ശ്രീ.അനസചേതനൻ 01.04.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി നിഷാപിള്ള.എച്ച്. | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.രാജ്കപൂർ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലേഖ.പി.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദീപ.എ.എസ് | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആശ.കെ.ആർ | 01.04.16 മുതൽ 22.09.16 വരെ |
| | ഡോ.ഇന്ദുലേഖ | 23.09.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി അനിതകുമാരി.എൽ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീ. സമീർ.ആർ.എസ് | 01.04.16 മുതൽ 06.07.16 വരെ |
| | ശ്രീ.പ്രദീപ് | 07.07.16 മുതൽ 31.03.17 |

| | | |
|---|---|---|
| | | വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.കെ.സജീവ്കുമാർ | 1.4.2016 മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | ശ്രീ. സുരേഷ്.എ.ആർ | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. പി.മോഹനകുമാർ | 01.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-5 | |
| 6 | ഫണ്ട് വിനിയോഗം | 1-6 | |
| 7 | പദ്ധതി അവലോകനം | 1-7 | |
| 8 | തനത് വരുമാനം | 1-8 | |
| 9 | ക്ഷേമപദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |

| | | | |
|---|---|---|---|
| | ഭാഗം - 2 | | |
| 13 | ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല | 2-1 | |
| 14 | ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു. | 2-2 | |
| 15 | മൊബൈൽ ടവർ - 115102/- രൂപയുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-3 | |
| 16 | കേരള സംസ്ഥാന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - നിയമപ്രകാരമുള്ള വിഹിതം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. | 2-4 | |
| 17 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു. - പഞ്ചായത്തിന് വരുമാന നഷ്ടം | 2-5 | |
| 18 | പരസ്യനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിൽ വരുമാന നഷ്ടം | 2-6 | |
| 19 | വസ്തു നികുതി - അപാകതകൾ | 2-7 | |
| | ഭാഗം - 3 | | |
| 20 | ബോണക്കാട് വാർഡിൽ കക്കൂസ് നിർമ്മാണം - ഗുരുതര അപാകതകൾ | 3-1 | |
| 21 | ബോണക്കാട് വാർഡിൽ നടപ്പാക്കുന്ന പദ്ധതികൾ - അർഹതയില്ലാത്തവർ ആനുകൂല്യം നേടുന്നു. | 3-2 | |
| 22 | വി.ഇ.ഒ നടപ്പിലാക്കിയ വൃദ്ധർ/വികലാംഗർ ഭവനനിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല | 3-3 | |
| 23 | വിശ്രമകേന്ദ്രം നിർമ്മാണം-കരാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല.-പിഴ ഈടാക്കിയിട്ടില്ല. 128355/- രൂപ നിരാകരിക്കുന്നു. | 3-4 | |

| | | | |
|---|---|---|---|
| 24 | എർത്ത് ഫില്ലിങ്ങ് –എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്താതെ തുക നൽകി. അധികം ചെലവായ തുക 6538/-രൂപ തിരിച്ചടക്കേണ്ടതാണ് . | 3-5 | |
| 25 | എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തത് -അധിക ച്ചെലവ്-10002/- രൂപ നിരാകരിക്കുന്നു. | 3-6 | |
| 26 | റോഡ് മെറ്റലിംഗിന് കൂടിയ നിരക്കുള്ള WBM ഉപയോഗിച്ച 13251 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു . | 3-7 | |
| 27 | പദ്ധതി രൂപീകരണം - വിദ്യാഭ്യാസ മേഖല – ആവശ്യങ്ങൾക്കനുസൃതമായല്ല | 3-8 | |
| 28 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ | 3-9 | |
| 29 | ഐ.എ.വൈ ഭവന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 | |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല | 3-11 | |
| 31 | വിനിയോഗ സാക്ഷ്യപത്രമോ കൈപ്പറ്റ് രസീതോ ലഭ്യമല്ല – 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3-12 | |
| 32 | ഔഷധിയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന്റെ കാലതാമസം - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. | 3-13 | |
| 33 | അങ്കണവാടി ജീവനക്കാർക്കുള്ള അധികവേതനം - പ്ലാനിംഗ് ഓഫീസർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രമില്ലാതെ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നു. | 3-14 | |
| | ഭാഗം - 4 | | |

| | | | |
|---|---|---|---|
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |
| 43 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016-ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 21,50,36,548/- രൂപയും പ്രതീക്ഷിത ചെലവ് 16,19,04,212/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 25.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016 –17 | 13.9.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6081236.00 |
| വരവ് | 85242482.00 |
| ആകെ | 91323718.00 |
| ചെലവ് | 76861655.00 |
| നീക്കിയിരിപ്പ് | 14462063.00 |

## 1-5 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

- ആസ്തി രജിസ്റ്റർ കാലികമാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
- Excess of income over expenditure ന്റെ നീക്കിയിരിപ്പ് ബി1 ഷെഡ്യൂളിലും, ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ബി1 ഷെഡ്യൂളിൽ നീക്കിയിരിപ്പ് 313980840/- രൂപയും ജനറൽ ലെഡ്ജർ ട്രയൽ ബാലൻസിൽ 87312040/- രൂപയും ആണ്.
- ബി4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതത്തിൽ 499019/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്.
- മുൻവർഷത്തെ ബി-15 ഷെഡ്യൂളിലെ തുകയേക്കാൾ കൂടുതലാണ് തൻവർഷത്തെ RP43ൽ ചേർത്തിട്ടുള്ളത്. ഉദാഹരണം ചുവടെ

| | | 2015-16 B-15 | 2016-17 RP-43 |
|---|---|---|---|
| i) | Receivable for professinal Tax | 10600 | 320980 |

| | | | |
|---|---|---|---|
| | (current ) | | |
| ii) | Receivable for property tax on residential buildings (arrear) | 532803 | 730306 |

- ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കാത്തതിനാൽ ഇന്ത്യൻ ബാങ്ക് (തനത് ഫണ്ട്) വിതുര സഹകരണ ബാങ്ക് (അക്കൗണ്ട് നം. 8000) ട്രഷറി റ്റി.എസ്.ബി വിതുര സഹകരണ ബാങ്ക് (അക്കൗണ്ട് നം. 8003) ഇന്ത്യൻ ബാങ്ക് (MNREGS) എന്നിവയുടെ നീക്കിയിരിപ്പ് കൃത്യമാണോ എന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 10 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | - | 23793210 | 23793210 | 23793210 | - |
| വികസന ഫണ്ട് എസ്.സി.പി | - | 3954303 | 3954303 | 3954303 | - |
| വികസനഫണ്ട് ടി.എസ്.പി | - | 6921603 | 6921603 | 6921603 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 4069033 | 4069033 | 4069033 | - |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | - | 4806500 | 4806500 | 4806500 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7658269 | 7658269 | 7658269 | - |
| പെർഫോമൻസ് ഗ്രാന്റ് | - | 5706328 | 5706328 | 5706328 | - |
| എം.എൻ.ആർ. ഇ.ജി.എസ് | 4044 | 1707622 | 1711666 | 1548952 | 162712 |
| ബി ഫണ്ട് | - | 804160 | 804160 | 804160 | |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 3756952 | 9032076 | 12789028 | 8444637 | 4244391 |
| തനത് ഫണ്ട് മറ്റിനങ്ങൾ | 2320242 | 16789378 | 19109620 | 9154660 | 10054960 |

# 1-7 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 82600073 | 110 | 58739338 | 99 | 11 | 71.11 |

# 1-8 തനത് വരുമാനം.

| ഇനം | മുൻവർഷം (2015-16) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 2375408 | 2712605 | 337197 | +14.2 |
| കെട്ടിട നികുതി | 1898848 | 2177044 | 278196 | +14.65 |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 3500 | 17825 | 14325 | +409.28 |
| ഷോപ്പിംഗ് കോംപ്ലക്സ് | 237482 | 431793 | 194311 | +81.82 |
| ഡി & ഒ ലൈസൻസ് | 93700 | 134975 | 41275 | +44 |
| മറ്റ് വരവുകൾ | 687525 | 1023159 | 335634 | +48.82 |

| | | | | |
|---|---|---|---|---|
| ആകെ | 5296463 | 6497401 | 1200938 | +22.67 |

# 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 644160 | 728 |
| കർഷകത്തൊഴിലാളി പെൻഷൻ | 5025670 | 2309 |
| വിധവാ പെൻഷൻ | 18945310 | 6298 |
| വാർദ്ധക്യകാല പെൻഷൻ | 23154515 | 7470 |
| വികലാംഗ പെൻഷൻ | 3175650 | 1196 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 160000 | 12 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 738410 | 267 |
| ആകെ | 51843715 | 18280 |

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 19.09.17ന് നടത്തുകയുണ്ടായി. പരിശോധനയിൽ 6500/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-11 ആഭ്യന്തര നിയന്ത്രണം

വരവിനങ്ങളുടെ രജിസ്റ്ററുകൾ, ഡി.സി.ബി പത്രിക എന്നിവ കൃത്യതയോടെ എഴുതി സൂക്ഷിക്കുന്നില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ TR7A പ്രകാരമുള്ള ക്യാഷ് ബുക്ക്, Form No.B-5 പ്രകാരമുള്ള പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല.മുൻകൂർ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകളോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.പദ്ധതി നടത്തിപ്പിൽ അർഹതയില്ലാത്തവർ ഉൾപ്പെടുന്നുണ്ടോ എന്നും അർഹതയുള്ളവർക്ക് ലഭിക്കുന്നുണ്ടോ എന്നും മോണിറ്ററിംഗ് നടക്കുന്നില്ല. (ഖ 3-1കാണുക). നിർവഹണ ഉദ്യോഗസ്ഥർ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികളിൽ കരാർ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. (ഖ. 3.4 കാണുക)

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/08/17 | 4/2017 മുതൽ 6/2017 വരെ | ഇല്ല |
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 4/17 | 2013 മുതൽ 2017 വരെ | 5/17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1994 കേരളാ പഞ്ചായത്ത് രാജ് നിയമം 232,233, 234 എന്നീ വകുപ്പുകൾ 1994 കേരളാ പഞ്ചായത്ത് രാജ് (ഡി&ഒ, ട്രേഡ് & ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ, വർക്ക്ഷോപ്പോ തൊഴിൽസ്ഥലമോ നിർമ്മിക്കാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് രജിസ്റ്റർ) തയ്യാറാക്കേണ്ടതും കാലികമായി സൂക്ഷിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഡി&ഒ ലൈസൻസ് ആവശ്യമുള്ള വ്യാപാരികളുടെയും ഫാക്ടറികളുടെയും വാർഡ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കിയെങ്കിലും ആയത് പൂർണ്ണമല്ല. ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 129 സ്ഥാപനങ്ങളുടെ പേര് വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 326 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ആയതിനാൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്.

## 2-2 ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു.

ഡി. ആന്റ് ഒ. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യവകുപ്പിൽനിന്നുള്ള സാനിറ്റേഷൻ സർട്ടിഫിക്കറ്റ്, ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/ സംഭരിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഹെൽത്ത് കാർഡ് (ആവശ്യമായവയ്ക്ക്), FSSAIയുടെ രജിസ്ട്രേഷൻ, ഫയർ & സേഫ്റ്റിയുടെ എൻ.ഒ.സി എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | ലഭിക്കാത്ത രേഖകൾ |
|---|---|---|---|
| 1. | വിപി 891/15 | പെട്രോളിയം റീടെയിൽ ഔട്ട്ലെറ്റ് | ഫയർ & സേഫ്റ്റി NOC |
| 2. | വിപി 4/15 | ബാർബർ ഷോപ്പ് | മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് |
| 3. | വിപി 365/5 | ഹരിത റസ്റ്റോറന്റ് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| 4. | വി.പി. 491/17 | ജി.എം. സ്റ്റോർസ് (ബേക്കറി) | FSSAI യുടെ രജിസ്ട്രേഷൻ |
| 5. | വി.പി.647/16 | നർമ്മദ ഹോളോബ്രിക്സ് | പൊല്യൂഷൻ സർട്ടിഫിക്കറ്റ് |

ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ - 115102/- രൂപയുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

വിതുര ഗ്രാമപഞ്ചായത്തിൽ 5 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 3 മൊബൈൽ ടവറുകളുടെ 2013-14 മുതലുള്ള വസ്തുനികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ടവർ ഉടമയുടെ പേര് | നികുതി കുടിശ്ശിക | പിഴ പലിശ | ആകെ |
|---|---|---|---|---|---|
| 1. | 636/9 | M/s Indus Towers Ltd. | 36584 | 9319 | 45903 |
| 2. | 593/12 | Indus Towers Ltd. | 18480 | 4752 | 23232 |
| 3. | 584/17 | Idea Cellular Ltd. | 36627 | 9340 | 45967 |
| | | | ആകെ | | 115102 |

പ്രസ്തുത തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 കേരള സംസ്ഥാന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -നിയമപ്രകാരമുള്ള വിഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.

1) 2016-17 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച 56 മരാമത്ത്

പ്രവൃത്തികളിൽ നിന്നും 180483/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഓൺലൈനായി ഒടുക്കിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി 15ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഒടുക്ക് വിവരത്തിന്റെ രേഖകൾ/ ട്രഷറി ട്രാൻസ്ഫർ രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

2) 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം അടക്കേണ്ടതായ തുക18048/- രൂപ (കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം) പിരിച്ചെടുത്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി 4ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് മുതൽ കൂട്ടി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നു - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് വക 3 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു. തൻമൂലം പഞ്ചായത്തിന് വരുമാനം നഷ്ടം ഉണ്ടാകുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

മരുതാമല ഷോപ്പിംഗ് കോംപ്ലക്സ് - റൂം നമ്പർ 2,3

കാർഷിക വിപണനകേന്ദ്രം, വിതുര കലുങ്ക് ജംഗ്ഷൻ - റൂം നമ്പർ 7,8,9

വിതുര പബ്ലിക് മാർക്കറ്റിനോട് ചേർന്നുള്ള കടമുറികൾ - റൂം നമ്പർ 4,5

ഓഡിറ്റ് എൻക്വയറി 23നുള്ള മറുപടിയിൽ മരുതുമല ഷോപ്പിംഗ് കോംപ്ലക്സിലെ 2,3 കടമുറികൾ ഇലക്ട്രിഫിക്കേഷൻ ഇല്ലാത്തതിനാലും, മറ്റു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ 3 പ്രാവശ്യം ലേലത്തിൽ വന്നിട്ടും ആരും വാടകയ്ക്ക് എടുക്കാത്തതിനാലുമാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

കൂടാതെ വാടകയ്ക്ക് നൽകിയ 10 കടമുറിയിൽ 5 എണ്ണത്തിന്റെ മാത്രമേ വാടകക്കരാർ ചമച്ചിട്ടുള്ളൂ. മറ്റുള്ളവയ്ക്ക് മുദ്രപത്രം വാങ്ങി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുമ്പോഴും വാടക പുതുക്കുമ്പോഴും വാടകക്കരാർ നിർബന്ധമായും ചമയ്ക്കേണ്ടതാണ്. കൂടാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി വാടകയ്ക്ക് കൊടുക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 209എ വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഏതൊരാൾക്കും യാതൊരു പരസ്യവും ആ ഗ്രാമപദേശത്തിനുള്ളിലോ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ അല്ലെങ്കിൽ

അതിന്റെ മുകളിലോ കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. 25.7.2002 ലെ നം. 128/2002/ത.സ്വ.ഭ.വ. ഉത്തരവ് (എസ്.ആർ.ഒ. 654/2002) പ്രകാരം അനുവദനീയമായ പരസ്യങ്ങൾക്ക് ഈടാക്കാവുന്ന കുറഞ്ഞ പരസ്യനികുതിയുടെ നിരക്ക് നിശ്ചയിച്ച് ആയതിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ പഞ്ചായത്തും ഒരു ബൈലാ ഉണ്ടാക്കി സർക്കാരിന്റെ അനുമതി നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വിതുര ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നതിനായി നിയമാനുസൃത ബൈലാ തയ്യാറാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് മൂലം പഞ്ചായത്തിൽ പരസ്യനികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ആയതിനാൽ പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈലാ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തു നികുതി - അപാകതകൾ

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും സഞ്ചയയിൽ അപ്രൂവ് ചെയ്ത് ഫോറം 6ൽ എൻട്രി വരുത്തി ബേസ് ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇപേയ്മെന്റ് ആക്ടിവേറ്റ് ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 20നുള്ള മറുപടിയിൽ ബാങ്ക് അക്കൗണ്ട് എടുത്തിട്ടുണ്ടെങ്കിലും ഇ-ബാങ്കിംഗ് ആക്ടിവേറ്റ് ആകാത്തതിനാലാണ് ഇ-പേയ്മെന്റിന് സാധിക്കാത്തതെന്നും ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

സഞ്ചയയിൽ നിന്നുള്ള 2014-15 , 2015-16 2016-17 വർഷങ്ങളിലെ ഡിസിബി പത്രകയിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ -സാംഖ്യ ഇന്റഗ്രേഷനിൽ വന്ന അപാകത മൂലമണ് വ്യത്യാസം വരുന്നതെന്നും ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം. നെ അറിയിച്ചിട്ടുണ്ടെന്നും ആഡിറ്റ് എൻക്വയറി 20നുള്ള മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

സഞ്ചയയിൽ നിന്നുള്ള വാർഡ് തിരിച്ചുള്ള അസസ് മെന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിച്ചിട്ടില്ല.
അസസ് മെന്റ് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നതിനും മേൽ നടപടികൾ ത്വരിതപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിനുള്ള കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബോണക്കാട് വാർഡിൽ കക്കൂസ് നിർമ്മാണം - ഗുരുതര അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | S0046/17 – ബോണക്കാട് വാർഡിൽ കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ് കേരള) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 2310000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 2310000/- |
| ബിൽ നം. | 1/16-17 (dtd. 22.09.16) - ₹1347500/- |
| | 2/16-17 (dtd. 21.10.16) - ₹962500/- |

പ്രത്യേക സർക്കാർ അനുമതിയോടു കൂടി (സ.ഉ.(സാധാ) നം. 2592/16/തസ്വഭവ തീയതി-03.09.16) പിന്നോക്കാവസ്ഥയിലുള്ള ബോണക്കാട് വാർഡിൽ എസ്റ്റേറ്റ് ലയങ്ങളിൽ താമസിക്കുന്ന 150 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. Top Division, BA, GB എന്നീ ഡിവിഷനുകളിലായിട്ടാണ് ബോണക്കാട് മേഖലയിലെ കുടുംബങ്ങൾ കഴിയുന്നത്. ഈ പദ്ധതിയുടെ രേഖകളിൽ നിന്നും സ്ഥലപരിശോധനയിൽ നിന്നും പദ്ധതി നടത്തിപ്പിൽ ഗുരുതര അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

(i) പദ്ധതിയുടെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ക്രമത്തിലല്ല. ഓഡിറ്റിന് ഹാജരാക്കിയ രേഖകളിൽ പദ്ധതിക്കായി തെരഞ്ഞെടുത്തവരുടെ ഗുണഭോക്തൃ പട്ടിക ലഭ്യമല്ല. അർഹതയുള്ളവരാണോ പദ്ധതിയുടെ ഗുണഭോക്താക്കളായതെന്ന് വ്യക്തമല്ല.

ക്യാഷ് ബുക്ക് പരിശോധിച്ചതിൽ നിന്നും ഒരു ഗുണഭോക്താവിന് രണ്ടു തവണ ആനുകൂല്യം RTGS വഴി അനുവദിച്ചതായിക്കാണുന്നു. ഗുണഭോക്താവിന് അധികമായി നൽകിയ 15400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നം. | ആകെ നൽകിയ തുക | അധികം നൽകിയത് | ബിൽ നം. |
|---|---|---|---|---|
| പാലയമുത്തു ബി.എ ഡിവിഷൻ, ബോണക്കാട് | ഇന്ത്യൻ ബാങ്ക് A/c 81653883 | 7700 x 4 =30800/- രൂപ | 15400/- | ബിൽ നം. 1/16-17 തീ. 22.9.16 |

(ii) സ്ഥലപരിശോധനയിൽ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി ബോധ്യപ്പെട്ടു;

1. പദ്ധതി നടപ്പിലാക്കിയ ലയങ്ങളിൽ പലതും ആൾതാമസമില്ലാതെ ജീർണ്ണാവസ്ഥയിൽ ഉള്ളവയാണ്. ഇതിൽ താമസിച്ചിരുന്നവർ മിക്കവരും മറ്റു സ്ഥലങ്ങളിലേക്ക് സ്ഥിരമായി മാറിപ്പോയതായി പരിശോധനയിൽ ബോധ്യമായി. ഇവിടെ നിർമ്മിച്ചിരിക്കുന്ന കക്കൂസുകളെല്ലാം തന്നെ ഉപയോഗശൂന്യമായി കിടക്കുന്നു. ഇങ്ങനെ ബോണക്കാട് നിന്ന് മാറി മറ്റിടങ്ങളിൽ താമസിക്കുന്നവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ഉദാഹരണത്തിന്,

| | |
|---|---|
| മറിയരാജം 7/263, ജി.ബി. ഡിവിഷൻ, ബോണക്കാട് | ഗുണഭോക്താവ് ഈ വിലാസത്തിൽ താമസിക്കുന്നില്ല. |
| രാജേന്ദ്രൻ, ടോപ്പ് ഡിവിഷൻ, ബോണക്കാട് | ഗുണഭോക്താവ് ഈ വിലാസത്തിൽ താമസിക്കുന്നില്ല. നിർമ്മിച്ച കക്കൂസ് ഉപയോഗശൂന്യമായി പൊളിഞ്ഞ് കിടക്കുന്നു, |
| റോസ്ലറ്റ്, ടോപ്പ് ഡിവിഷൻ, ബോണക്കാട് | ഗുണഭോക്താവ് ഈ വിലാസത്തിൽ താമസിക്കുന്നില്ല. നിർമ്മിച്ച കക്കൂസ് ഉപയോഗശൂന്യമായി പൊളിഞ്ഞ് കിടക്കുന്നു, |

2. ആൾതാമസമുള്ള വീടുകൾക്ക് വേണ്ടി നിർമ്മിച്ചിരിക്കുന്ന കക്കൂസുകൾ പലതും പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായ നിലയിലാണ്. പലതിന്റെയും മേൽക്കൂര നഷ്ടപ്പെട്ട നിലയിലാണ്. നിർമ്മിച്ചിരിക്കുന്ന കക്കൂസുകളിൽ പലതും ഒറ്റ ചുമര് പങ്കുവയ്ക്കുന്ന മൂന്നും നാലും കക്കൂസുകളായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. മിക്ക കക്കൂസുകളും ഒരു വ്യക്തിക്ക് കഷ്ടിച്ച് നിൽക്കാൻ കഴിയുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഒന്നിലധികം കക്കൂസുകൾ ഒരു സെപ്റ്റിക് ടാങ്ക് ഉപയോഗിക്കുന്ന രീതിയിലാണ് പലതിന്റെയും നിർമ്മാണം.




3. താമസമില്ലാത്ത ഭവനങ്ങളിൽ പലതിലും കക്കൂസ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ലയങ്ങളിൽ താമസിക്കുന്ന പലർക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസ് നൽകിയിട്ടില്ല. പുതിയ കക്കൂസ് നിർമ്മിക്കാനാണ് പദ്ധതി വച്ചിരിക്കുന്നതെങ്കിലും പല ഗുണഭോക്താക്കളും നിലവിലുള്ള കക്കൂസുകൾ അറ്റകുറ്റപ്പണി നടത്തി പുതുക്കാനാണ് ലഭിച്ച തുക ഉപയോഗിച്ചിരിക്കുന്നത്.

| | |
|---|---|
| ചോറിമുത്ത്, 7/361, ടോപ്പ് ഡിവിഷൻ, | നിലവിൽ കക്കൂസ് ഇല്ലെങ്കിലും പദ്ധതി |

| | |
|---|---|
| ബോണക്കാട് | പ്രകാരം ആനുകൂല്യം ലഭിച്ചില്ല. |
| സത്യദാസ്, ടോപ്പ് ഡിവിഷൻ<br>ബോണക്കാട് | സ്വന്തം നിലയ്ക്ക് കക്കൂസ് പണികഴിപ്പിച്ചു. പദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ല. |
| പാലയമുത്തു, ബി.എ. ഡിവിഷൻ, ബോണക്കാട് | കമ്പനി പണിത പഴയ കക്കൂസ് പുതുക്കിപ്പണിതു. |

പണം കൈമാറുന്നതിൽ കവിഞ്ഞ് പദ്ധതി നടത്തിപ്പിൽ നിർവ്വഹണോദ്യോഗസ്ഥൻ യാതൊരു ശ്രദ്ധയും ചെലുത്തിയിട്ടില്ല. പദ്ധതി മോണിറ്ററിംഗ് പൂർണ പരാജയമാണ്. അർഹരായ ഗുണഭോക്താക്കളെയാണോ പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും പദ്ധതി ലക്ഷ്യം കണ്ടോ എന്നും പഞ്ചായത്ത് യാതൊരും പരിശോധനയും നടത്തിയതായി കാണുന്നില്ല. ബോണക്കാട് വാർഡിൽ സ്ഥിരതാമസമുള്ള കുടുംബങ്ങളെ ലക്ഷ്യമാക്കി വച്ച ഈ പ്രത്യേക പദ്ധതിയിൽ ബോണക്കാട് വാർഡിൽ നിന്നും പുറത്ത് പോയി സ്ഥിരതാമസമാക്കിയവർക്കും ആനുകൂല്യം ലഭിച്ചിരിക്കുന്നു. പഞ്ചായത്തിലെ മറ്റ് വാർഡുകൾക്ക് വേണ്ടി കക്കൂസ് നിർമ്മിക്കാനുള്ള ഒരു പദ്ധതി ഇതേ വർഷം ഇതേ നിർവ്വഹണോദ്യോഗസ്ഥൻ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളപ്പോഴാണിത്. എന്നാൽ അർഹതയുള്ളവർക്ക് പദ്ധതി പൂർണ്ണമായും ഗുണപ്പെട്ടതും ഇല്ല. സ്ഥല പരിശോധന സമയത്ത് തദ്ദേശവാസിയായ പ്രിൻസ് എന്നയാൾ ഈ പദ്ധതി പ്രകാരം 74 കക്കൂസുകൾ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ എന്നും നിർമ്മിച്ചവ പലതും തന്നെ ഉപയോഗിക്കാൻ കഴിയാത്ത നിലവാരം കുറഞ്ഞ രീതിയിലാണ് പണിതിട്ടുള്ളതെന്നും ഇക്കാര്യത്തിൽ അന്വേഷണം വേണമെന്നും രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

തൊഴിലില്ലായ്മയും പട്ടിണിയും അലട്ടുന്ന ബോണക്കാട് വാർഡിൽ നടക്കുന്ന ഇത്തരത്തിലുള്ള പാഴ്ചെലവുകൾ ഈ മേഖലയ്ക്ക് ഗുണം ലഭിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തടസ്സമാകുന്നു. ആയതിനാൽ ഈ പദ്ധതിയിൽ നടന്ന അപാകതകളെ സംബന്ധിച്ച് വിശദമായ ഒരു തുടരന്വേഷണം ആവശ്യമാണ്.

## 3-2 ബോണക്കാട് വാർഡിൽ നടപ്പാക്കുന്ന പദ്ധതികൾ - അർഹതയില്ലാത്തവർ ആനുകൂല്യം നേടുന്നു.

പഞ്ചായത്തിൽ നടപ്പിലാക്കുന്ന പല പദ്ധതികൾക്കും ഗുണഭോക്തൃ പട്ടികയിൽ ബോണക്കാട് വർഡിൽ നിന്നുള്ളവരെ ഉൾപ്പെടുത്തുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നിന്നും ഇവർ മറ്റ് സ്ഥലങ്ങളിൽ സ്ഥിരതാമസമാക്കിയവരും പലപ്പോഴും ഇവിടങ്ങളിൽ സ്വന്തമായി വീടുള്ളവരുമാണ്. അപേക്ഷ, തിരിച്ചറിയൽ രേഖ എന്നിവയിൽ ബോണക്കാട് വാർഡിലെ വിലാസമാണുള്ളത്. ഇവരിൽ പലരുംം വിതുര ഗ്രാമപഞ്ചായത്തിനുള്ളിൽ പോലുമല്ല സ്ഥിരതാമസം. ഇത്തരക്കാരെ ബോണക്കാട് വാർഡിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വഴി വാർഡിലെ സ്ഥിരതാമസക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വഴിമാറിപ്പോകുന്നു. മാത്രമല്ല, പലരും ബോണക്കാട് വാർഡിലെ വിലാസം വച്ച് വില്ലേജ് ഓഫീസിൽ നിന്നും കൈവശാവകാശ

സർട്ടിഫിക്കറ്റ് അപേക്ഷകൾക്കൊപ്പം ഹാജരാക്കിയിരിക്കുന്നു. സ്വകാര്യ തോട്ടം ഭൂമി മാത്രമുള്ള ബോണക്കാട് വാർഡിൽ ആർക്കും തന്നെ ഇത്തരത്തിൽ ഭൂമിയിൽ കൈവശാവകാശമില്ല.

പദ്ധതികൾ രൂപികരിക്കുമ്പോൾ ബോണക്കാട് വാർഡിലെ ഗുണഭോക്തൃ പട്ടികയിൽ ഉള്ളവർ മറ്റിടങ്ങളിൽ മാറിത്താമസിക്കുന്നവരല്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

ഉദാഹരണങ്ങൾ:

| പദ്ധതി | ഗുണഭോക്താവ് | |
|---|---|---|
| ഭവന പുനരുദ്ധാരണം | സുഭാഷിണി, ജി.ബി. ഡിവിഷൻ, ബോണക്കാട് | ഗുണഭോക്താവുച്ചിരിക്കുന്ന ബോണക്കാടുള്ളവിലാസത്തിലുള്ള വീട് അടഞ്ഞു കിടക്കുന്നു. യാതൊരു അറ്റകുറ്റ പണി നടത്തിയതായും കാണാൻ കഴിഞ്ഞില്ല. ഗുണഭോക്താവ് വാർഡിന് പുറത്ത് സ്ഥിരതാമസം. |
| കിണർ നിർമ്മാണം | വിജയൻ, ബി.എ ഡിവിഷൻ, ബോണക്കാട് | ബോണക്കാട് വിലാസത്തിൽ കിണർ പണിതിട്ടില്ല. ഗുണഭോക്താവ് വാർഡിന് പുറത്ത് സ്ഥിരതാമസം. |
| ഭവന പുനരുദ്ധാരണം | സുധർമ്മ, ബി.എ ഡിവിഷൻ, ബോണക്കാട് | ഗുണഭോക്താവ് വാർഡിന് പുറത്ത് സ്ഥിരതാമസം. |

ദാരിദ്ര്യവും തൊഴിലില്ലായ്മയും കൊടികുത്തിവാഴുന്ന ബോണക്കാട് മേഖലയെ പുനരുജ്ജീവിപ്പിക്കണമെങ്കിൽ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള ഇടപെടൽ ആവശ്യമാണ്. ഇതിന്റെ അഭാവത്തിൽ ബോണക്കാട് കൂടുതൽ പിന്നാക്കം പോകുകയേ

ഉള്ളൂ.

## 3-3 വി.ഇ.ഒ നടപ്പിലാക്കിയ വൃദ്ധർ/വികലാംഗർ ഭവനനിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട്: S0029/17 | വൃദ്ധർക്ക്/വികലാംഗർക്ക് ഭവനനിർമ്മാണം |
| അടങ്കൽ | 2200000/- (വി.ഫ) |
| ചെലവ് | 1420000/- (വി.ഫ) |
| ബിൽ നം. | 13/16-17 തീ.2.3.17 തുക-₹200000/- |
| | 18/16-17 തീ.22.3.17 തുക-₹120000/- |
| | 20/16-17 തീ.28.3.17തുക-₹580000/- |
| | 24/16-17 തീ.30.3.17തുക-₹520000/- |

പദ്ധതി അനുസരിച്ച് വൃദ്ധരോ വികലാംഗരോ ആയ ഗുണഭോക്താക്കൾക്ക് ഒരു ഗുണഭോക്താവിന് ₹200000/- എന്ന നിരക്കിൽ വീട് നിർമ്മിക്കാൻ ഘട്ടങ്ങളായി സബ്സിഡി നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായതായി ബോധ്യപ്പെട്ടു.

1. സബ്സിഡി മാനദണ്ഡം അനുസരിച്ച് ഗുണഭോക്താവിന് തുക നൽകുമ്പോൾ 5 ഗഡുക്കളായി 10%, 30%, 30%, 20%, 10% എന്ന രീതിയിൽ നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തിയാക്കുന്നതിനനുസരിച്ച് നല്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചല്ല ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിരിക്കുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ലഭിച്ച ഗഡുക്കൾ | പൂർത്തീകരണ വിവരം |
|---|---|---|
| ചന്ദ്രിക<br>മൺപുറത്ത് വീട്<br>ഇറച്ചിപ്പാറ | 1st ഗഡു : 50000/-<br>2nd : 70000/-<br>3rd : 50000/- | ഇല്ല. |
| സരസ്വതി അമ്മ<br>ചെറ്റച്ചൽ | 1st ഗഡു : 50000/-<br>2nd :70000/-<br>3rd :50000/-<br>4th :30000/- | പൂർത്തിയാക്കി |

2. കൈപ്പറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതിൽ ആകെ ഗുണഭോക്താക്കളിൽ 8 പേർ മാത്രമേ തുക

കൈപ്പറ്റിയതായി കാണിച്ചിട്ടുള്ളൂ. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം എല്ലാ ഗുണഭോക്താക്കളും ഒരു ഗഡു എങ്കിലും സ്വീകരിച്ചതായി കാണുന്നു. ബാക്കിയുള്ള 2 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയത് കൈപ്പറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല:

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| ജ്ഞാനസെൽവം<br><br>കിഴക്കുംകര തടത്തരികത്ത് വീട്<br>കളീയ്ക്കൽ, വിതുര | 120000/- (രണ്ട് ഗഡുവായിട്ട്) |
| അപ്പുക്കുട്ടൻ നായർ<br><br>പേരയം, മരുത്വാമല | 50000/- |

3. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ 2പേർ മാത്രമാണ് തുക മുഴുവൻ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയത്. പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ:

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക |
|---|---|
| ജ്ഞാനസെൽവം, കിഴക്കുംകര തടത്തരികത്ത് വീട്,<br><br>കളീയ്ക്കൽ, വിതുര. | 120000/- |
| അപ്പുക്കുട്ടൻ നായർ, പേരയം, മരുതാമല. | 50000/- |
| ചന്ദ്രിക, മൺപുറത്ത് വീട്, ഇറച്ചിപ്പാറ. | 170000/- |
| സുകു ആർ, ആനപ്പാറ | 50000/- |
| ഷീലാകുമാരി, വിതുര. | 170000/- |
| രുദ്രാണി അമ്മ, ചേന്നൻപാറ. | 120000/- |
| ഓമന.സി, ആനപ്പാറ. | 120000/- |
| പാറുക്കുട്ടി അമ്മ, പൊന്നാംചുണ്ട്. | 170000/- |

4. ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റും മുൻപ് ഭവന നിർമ്മാണം നടത്തുന്ന വസ്തു പന്ത്രണ്ട് കൊല്ലത്തേക്ക് മറ്റാർക്കും കൈമാറില്ലെന്ന കരാർ പഞ്ചായത്ത് സെക്രട്ടറിയുമായി വയ്ക്കേണ്ടതാണ്. എന്നാൽ ഈ കരാർ ഗുണഭോക്താക്കളിലാരും തന്നെ ആദ്യ ഗഡു കൈപ്പറ്റും മുൻപ് തയ്യാറാക്കിയിരുന്നില്ല. ചില ഗുണഭോക്താക്കൾ കരാർ ഹാജരാക്കിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കരാർ വച്ച തീയതി |
|---|---|
| ഷീലാകുമാരി, വിതുര | 05-04-2017 |
| ജ്ഞാനസെൽവം,<br>കിഴക്കുംകര തടത്തരികത്ത് വീട്, കളിയ്ക്കൽ വിതുര | ഹാജരാക്കിയിട്ടില്ല |

5. പാറുക്കുട്ടിയമ്മ, പൊന്നാംചുണ്ട് വാർഡ്, എന്ന ഗുണഭോക്താവിന് അനുവദിച്ച തുക കൈപ്പറ്റിയിരിക്കുന്നത് മകളായ സരോജം ആണ്. നിർമ്മാണം നടത്തിയ ഭൂമിയും അപേക്ഷയോടൊപ്പമുള്ള രേഖകളും മകളുടെ പേരിലാണ്. ഈ ഗുണഭോക്താവിന് ഒരു മകൻ കൂടിയുണ്ടെങ്കിലും ഗുണഭോക്താവ് മകളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പണം കൈമാറാൻ നല്കിയ സാക്ഷ്യപത്രത്തിൽ അദ്ദേഹം ഒപ്പു വച്ചിട്ടില്ല. ഫലത്തിൽ മകൾ പദ്ധതിയുടെ ഗുണഭോക്താവായി മാറി. ഇത്തരത്തിൽ ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനും ഗുണഭോക്താവിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് മാത്രം പണം കൈമാറാനും ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ മൂലം ഈ പദ്ധതി ലക്ഷ്യം കാണാതെ പോകുകയാണുണ്ടായത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേലിൽ ഇത്തരം പദ്ധതികൾ രൂപീകരിക്കുമ്പോൾ തന്നെ അവ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുന്ന രീതിയിലാണോ ആവിഷ്കരിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 വിശ്രമകേന്ദ്രം നിർമ്മാണം-കരാർ ചട്ടങ്ങൾ പാലിച്ചിട്ടില്ല.-പിഴ ഈടാക്കിയിട്ടില്ല. 128355/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0180/16/ |
| പ്രവൃത്തിയുടെ പേര് | കെ .എസ് ആർ ടി.സി സ്റ്റാന്റിനു സമീപം വിശ്രമകേന്ദ്രം നിർമ്മാണം |
| അടങ്കൽ | 2567140<br>(ലോകബാങ്ക് ധനസഹായം) |

| | |
|---|---|
| | |
| ചെലവ് | 254364 (1595780+948584) |
| ബിൽ നമ്പർ | 1/16-17,31/12/16 |
| | 10/16-17,3/2/17 |
| എം ബുക്ക് നമ്പർ | 800/15-16,261/16-17 |
| കരാറുകാരൻ - | സാജു.കെ |

ടി പ്രവൃത്തി ഇ ടെണ്ടർ മുഖേന കരാറുകാരനെ തെരഞ്ഞെടുത്താണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ കരാർ നടപടിക്രമങ്ങൾ ചട്ടവിരുദ്ധമായി നടപ്പാക്കിയതിനാൽ താഴെ പ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) ഇ ടെണ്ടർ മുഖേന 4.9.15ന് ടെണ്ടർ ഓപ്പൺ ചെയ്ത പ്രവൃത്തിയുടെ കരാർ ചമച്ചിട്ടുള്ളത് 7/12/15നാണ്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.സിയിലെ വ്യവസ്ഥകൾ പാലിക്കാതെ 2 മാസത്തെ ഫേം പിരിയഡും തുടർന്ന് ഒരുമാസവും കഴിഞ്ഞതിനു ശേഷമാണ് കരാർ ചമച്ചിട്ടുള്ളത്.

2) ചട്ടപ്രകാരമുള്ള സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചിട്ടില്ല.ആയതിനാൽ തന്നെ കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിനുള്ള പിഴ ഈടാക്കേണ്ടതിന്റെ ആവശ്യകതയും കൃത്യതയും നിർണയിക്കാൻ കഴിഞ്ഞിട്ടില്ല.

3) ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമാണ്. എന്നാൽ കരാർ വ്യവസ്ഥകളിൽ/ഉടമ്പടിയിൽ ഈ കാലാവധി രേഖപ്പെടുത്തിയിട്ടില്ല, 2/1/16ന് സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചുവെങ്കിലും പ്രവൃത്തിയുടെ ഒരു ഭാഗം 26/5/16 ന് പൂർത്തിയാക്കി പാർട്ട് ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. ടെണ്ടർ നോട്ടീസ് വ്യവസ്ഥകൾ പ്രകാരം പണി പൂർത്തിയാക്കേണ്ട 2/4/16 നു പകരം ബാക്കി പണികൾ പൂർത്തിയാക്കിയിട്ടുള്ളത് 27/1/17നാണ്. എന്നാൽ കാലാവധിക്കകത്ത് പണി പൂർത്തിയാക്കാത്തതിന് കരാറുകാരൻ കാരണം കാണിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുകയോ ആയത് അസി.എഞ്ചിനീയർ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുമില്ല. ആദ്യ ബിൽ പ്രകാരം തുക നൽകിയതിൽ 10% റീ ടെൻഷൻ തുക പിടിച്ചിട്ടുണ്ടായിരുന്നെങ്കിലും ഫൈനൽ ബിൽ പ്രകാരം പിഴ ഈടാക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ഈടാക്കേണ്ടതായ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പണി പൂർത്തിയാക്കേണ്ട തീയതി -2/4/16

പിഴയില്ലാതെ പൂർത്തീകരണം അനുവദിക്കാവുന്ന തീയതി -20/4/16

(കാലാവധിയുടെ 20% സമയം)

പ്രവൃത്തി പൂർത്തിയാക്കിയ തീയതി 27/1/17

ചട്ടപ്രകാരമുള്ള പിഴ -1% of PAC=25671

(ആദ്യ മൂന്ന് മാസം-20/7/16 വരെ)

അടുത്ത മൂന്നമാസം-20/10/16 വരെ -2% of PAC=51342

അടുത്ത മൂന്നമാസം-20/1/17 വരെ -2% of PAC=51342

ആകെ -128355

തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അടവാക്കേണ്ട ചുമതല അസി. എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

## 3-5 എർത്ത് ഫില്ലിങ്ങ് - എസ്റ്റിമേറ്റിൽപരിമിതപ്പെടുത്താതെ തുക നൽകി. അധികം ചെലവായ തുക 6538 രൂപ തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | - S0154/17 |
| പ്രവൃത്തിയുടെ പേര് | വലിയ മണലി തോട്ടിൽ കലുങ്ക് നിർമ്മാണം |
| അടങ്കൽ | 1,20,000(ധന കാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 116764 |
| ബിൽ നമ്പർ | - 22/16-17 തിയതി 18.3 17 |
| എം ബുക്ക് നമ്പർ | 213/16-17 പേജ് 15 |
| കൺവീനർ | രാജേന്ദ്രൻ നായർ |

മേൽ പ്രവൃത്തിയുടെ ഇനം 1പ്രകാരം earth work excavation എന്ന പ്രവൃത്തി മുഖേന 19.36$m^3$ മണ്ണ് കുഴിച്ചെടുക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള 18.36$m^3$ ൽ പരിമിതപ്പെടുത്തി തുക നൽകുകയും ചെയ്തിട്ടുണ്ട് .എന്നാൽ എസ്റ്റിമേറ്റ് പ്രകാരം ഇനം – 8ലെ എർത്ത് ഫില്ലിങ്ങിന്റെ അനുവദനീയമായ അളവ് 51$m^3$ ൽ നിന്നും ഇനം ഒന്ന് മുഖേന കുഴിച്ചെടുക്കുന്ന മണ്ണിന്റെ ആളവ് കുറച്ചിട്ടില്ല . ആയത് കുറച്ചാൽ 51-18.36 = 32.64 m 3 മാത്രമേ ഇനം 8 പ്രകാരം അനുവദനീയമായിട്ടുള്ളു. എന്നാൽ എം ബുക്ക് പ്രകാരംഇനം 8ലെ അളവായ86.40 m3 ൽ നിന്നും കുഴിച്ചെടുത്ത 19.36 $m^3$കുറച്ച് കൺസോളിഡേഷനും കുറച്ച് 49.76$m^3$ നാണ് തുക നൽകി.യിട്ടുള്ളത്. ഇനം 8ലെ അളവ് എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തിയിട്ടില്ല. ഇനം 8പ്രകാരം അനുവദനീയമായിട്ടുള്ളതിനേക്കാൾ അധികം താഴെ പറയും വിധം ചെലവു വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 18ന് എസ്റ്റിമേറ്റിൽ വന്ന അപാകത മനസ്സിലാക്കി തുകതിരിച്ചടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അനുവദിച്ചത് - 49.76m3x381.92 =19004

അനുവദനീയമായത് - 32.64m3x381.92=12466

അധികം നൽകിയത് - 6538

അധികം നൽകിയ തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തത് -അധികച്ചെലവ്-10,002/- രൂപ നിരാകരിക്കുന്നു.

താഴെപ്പറയുന്ന പ്രവൃത്തികളിൽ എക്സ്കവേഷൻ പ്രവൃത്തികളിൽ ലഭിച്ച മണ്ണ് ഉപയോഗിക്കാത്തതിനാൽ താഴെ പറയും വിധം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| 1. പ്രോജക്ട് നമ്പർ | S0162/16-17 |
| പ്രവൃത്തിയുടെ പേര് | മാങ്കാല കുന്നിൻപുറം റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 377058 (പ്ലാൻ ഫണ്ട് SCP) |
| ചെലവ് | 290260 |
| ബിൽ നമ്പർ | 23/16-17,24/3/17 |
| എം ബുക്ക് നമ്പർ | 134//16-17 |
| കൺവീനർ | മുകേഷ് |

ടി പ്രവൃത്തിയിൽ അപ്പന്റിക്സ് B ഇനം 1 ആയി excavation for structure (code 11.1.1.1) മുഖേന 18.56m$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ അപ്പന്റിക്സ് ഇനം 2 പ്രകാരം filling in foundation (code 11.2.1) എന്ന പ്രവൃത്തിക്കുവേണ്ടി 1.820m$^3$ മണൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി 2694.52 നിരക്കിൽ 4904/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 2. പ്രോജക്ട് നമ്പർ | S0107/16-17 |
| പ്രവൃത്തിയുടെ പേര് | ലക്ഷം വീട് അവാർഡ് ഗ്രാമം കലുങ്ക് നിർമാണം |
| അടങ്കൽ | 377058 (പ്ലാൻ ഫണ്ട്) |
| ചെലവ് | 254773 |
| ബിൽ നമ്പർ | 222/16-17, |

| | |
|---|---|
| എം ബുക്ക് നമ്പർ | 564/16-17 |
| കൺവീനർ | അജീഷ് കുമാർ |

ടി പ്രവൃത്തിയുടെ ഇനം 1മുഖേന 28.528 $m^3$ മണ്ണ് കുഴിച്ചെടുത്തിരുന്നു. എന്നാൽ ഇനം 2മുഖേന filling in foundation (Code 11.2.1) എന്ന പ്രവൃത്തിക്ക് 1.892$m^3$ ന് 2694.52 എന്ന നിരക്കിൽ 5,098/- രൂപ നല്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് കുഴിച്ചെടുത്ത മണ്ണ് ചെളിയും വെള്ളവും നിറഞ്ഞതായിരുന്ന എന്നതിനാലാണ് ഉപയോഗിക്കാഞ്ഞത് എന്നാണ് മറുപടി നൽകിയത്.എന്നാൽ ഇക്കാര്യം എം ബുക്കിൽ സൂചിപ്പിച്ചിട്ടില്ല എന്നതും വളരെ വലിയ അളവ് മണ്ണ് കുഴിച്ചെടുത്തിട്ടും ചെറിയ അളവ് ഫില്ലിംഗിനായി ഉപയോഗിക്കാതെ അധികച്ചെലവു വന്ന എന്നതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈ രണ്ടു പ്രവൃത്തികൾക്കും കൂടി അധികച്ചെലവായ തുക 4904+5098=10002/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-7 റോഡ് മെറ്റലിംഗിന് കൂടിയ നിരക്കുള്ള WBM ഉപയോഗിച്ച 13251 രൂപയുടെ അധിക ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0181/17 |
| പ്രവൃത്തിയുടെ പേര് | കെ. പി. എസ്. എം. എടത്തറ റോഡ് മെറ്റലിംഗ് |
| അടങ്കൽ | 247084 (ധന കാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 123895 |
| ബിൽ നമ്പർ & തിയതി | 60/16-17, 31.3.17 |
| | എം ബുക്ക് നമ്പർ – 567/16-17 .പേജ് 8 . |
| | കൺവീനർ – ശശി . |

മേൽ പ്രവൃത്തിയുടെ ഇനം-4 മുഖേന മെറ്റലിംഗിന് Water Bound Meacdam sub base/base എന്ന സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രവൃത്തി ചെയ്ത് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ 20. 7 .16 ലെ ഫിനാൻസ് (ഇൻസ്പെക്ഷൻ വിംഗ് - ടെക്നിക്കൽ) ഡിപ്പാർട്ട്മെന്റിന്റെ 16/2016 നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങളിൽ റോഡ് വർക്കുകളിൽ കൂടുതൽ ഗുണ നിലവാരവും ഈടുമുള്ള Wet Mix Macadam (WMM) സ്പെസിഫിക്കേഷനാണ് കൂടിയ നിരക്കിലുള്ള WBMനു പകരം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനിയർ

(LSGD)യുടെ 10/8/16 ലെ DB3/6512/2013/CE/LSGD സർക്കുലറിലും (ഖ.7) WBMനു പകരം WMM ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഗവണ്മെന്റ് ഉത്തരവിന് വിരുദ്ധമായി WBM സ്പെസിഫിക്കേഷൻ മുഖേന പ്രവൃത്തി നടത്തിയതിൽ താഴെപ്പറയുന്ന വിധം അധികച്ചെലവ് വന്നിട്ടുണ്ട്.

ഇനം 4

WBMമുഖേന ചെയ്ത പ്രവൃത്തിക്ക് Mord data പ്രകാരം നല്കിയ നിരക്ക് – 28.22$m^3$x3381.36 = 95422

WMM ഉപയോഗിച്ചിരുന്നെങ്കിൽ നൽകാവുന്ന നിരക്ക് – 28.22$m^3$x2911.80 = 82171

അധികം നൽകിയത് – 13251

ഓഡിറ്റ് എൻക്വയറി 21 ന് സെക്കന്റ് ലയർ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്ക് കാലതാമസം വരുകയാണെങ്കിൽ ഫസ്റ്റ് മെറ്റലിംഗിന്റെ ഗുണം ലഭിക്കാതെ പോകും എന്നതിനാൽ കൂടുതൽ കാലം നിലനില്ക്കുന്ന WBMചെയ്തു എന്നാണ് മറുപടി നല്കിയിട്ടുള്ളത്. എന്നാൽ CE LSGD സർക്കുലർ ഖ.7ന്റെ അടിസ്ഥാനത്തിൽ ഇത് അംഗീകരിക്കാവുന്നതല്ല. അധിക ചെലവ് വന്ന തുക ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ് .

## 3-8 പദ്ധതി രൂപീകരണം - വിദ്യാഭ്യാസ മേഖല - ആവശ്യങ്ങൾക്കനുസൃതമായല്ല

12ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 4/2016/ത.സ്വ.ഭ.വ തീയതി-01.01.2016) പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യാർത്ഥികളുടെ പാഠനിലവാരം ഉയർത്തൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാനും, പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളുടേയും പ്രഥമാധ്യാപകരുടെ നിർദ്ദേശങ്ങളും, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങളും പരിഗണിക്കുന്ന തരത്തിലുള്ള പദ്ധതികൾ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകളിൽ നിലവാരമുള്ള ബെഞ്ച്, ഡസ്ക്, എന്നിവ ലഭ്യമാക്കുക, എല്ലാ സ്കൂളുകളിലും ജൈവമാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുക, പാചക, അടുക്കള സാധനങ്ങൾ ലഭ്യമാക്കുക, ചുറ്റമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റമതിൽ, സുരക്ഷിതമായ ക്ലാസ്സുറികൾ (മരുത്വാമല വെൽഫെയർ സ്കൂൾ, തലത്തുതക്കാവ് ഗവ. എൽ.പി.എസ്) എന്നിവ ലഭ്യമാക്കുക എന്നിങ്ങനെയുള്ള പ്രധാന ആവശ്യങ്ങളാണ് ഈ ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസമേഖലയിൽ അത്യാവശ്യമുള്ളതായി വിദ്യഭ്യാസ വർക്കിംഗ് ഗ്രൂപ്പ്/ വിദ്യഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവയുടെ മിനിട്സിൽ (9.6.16 തീയതിയിലെ) പരാമർശിച്ചിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷം വിദ്യാഭ്യാസ മേഖലയിലെ

നിർവ്വഹണോദ്യോഗസ്ഥൻ പദ്ധതികൾക്കായി 1334000/- രൂപ വകയിരുത്തുകയും 1292685/- രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ 12 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ സ്കൂളുകളുടെ അടിസ്ഥാന/ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായിട്ടുള്ള മിനിറ്റ്സിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതികൾ ഒന്നും വിഭാവനം ചെയ്തിട്ടില്ല.

കായികപരിശീലനം, കമ്പ്യൂട്ടർ, ലാപ്ടോപ്പ് വാങ്ങൽ, പുസ്തകങ്ങൾ വാങ്ങൽ എന്നീ പദ്ധതികളാണ് പ്രധാനമായും നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതിന് ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനം ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ

| | |
|---|---|
| (i) പ്രോജക്ട് | S0005/17 – പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ തുക | 220000/- (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് തുക | 214500/- |
| ബിൽ നം. | 16/16-17 തീ. 29.3.17 |

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നല്കുമ്പോൾ സ്കൂൾ അധികൃതർ മുഖേനെയാണ് ഫർണിച്ചർ വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവരാണ് എന്ന് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ആയത് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| (ii)പ്രോജക്ട് | S0038/17 – എസ്.റ്റി. വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് പഠനോപകരണം |
| അടങ്കൽ തുക | 150000/- (വികസന ഫണ്ട് - ടി.എസ്.പി) |
| ചെലവ് തുക | 144775/- |
| ബിൽ നം. | 12/16-17 തീ. 27.3.17 |

സ്കൂൾബാഗ് - 1, കുട-1, ബുക്ക്-5, മഷിപ്പേന-1, മഷി-1 കുപ്പി, പെൻസിൽ - 4, പെൻസിൽ പൗച്ച് - 1 (ഒരു സെറ്റ്) എന്നിവ എസ്.റ്റി. വിഭാഗത്തിൽ പെട്ട 132

വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇവ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും കുക്ക ഫാൻസി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 132 ബാഗ്, 132 കുട, എന്നിവയ്ക്ക് 109494 രൂപയായതിന്റെ വൗച്ചർ ലെതർ ലാന്റ് എന്ന സ്ഥാപനത്തിന്റെയാണ്. ടെണ്ടർ നൽകിയിട്ടില്ലാത്ത സ്ഥാപനത്തിൽ നിന്നും മേൽ സാധനങ്ങൾ വാങ്ങിയതിലൂടെ ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിക്കുകയും, ടെണ്ടറിന്റെ സുതാര്യത നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത പ്രോജക്ടിൽ സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

| | |
|---|---|
| (iii)പ്രോജക്ട് | S0039/17 –സ്കൂളുകൾക്കാവശ്യമായ കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ തുക | 258000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് തുക | 233500/- |
| ബിൽ നം. | 18/16-17 തീ. 30.3.17 |

സ്കൂളുകൾക്കാവശ്യമായ കംപ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി വിഭാവനം ചെയ്ത് അംഗീകരിച്ചതാണ് മേൽ പദ്ധതി. 6 കംപ്യൂട്ടറും, 6 പ്രിന്ററും വാങ്ങുന്നതിനാണ് പ്രോജക്ട് അംഗീകരിച്ചതും ആദ്യത്തെ ടെണ്ടർ ക്ഷണിച്ചതും. എന്നാൽ മതിയായ പങ്കാളികളില്ലെന്ന കാരണത്താൽ റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. റീടെണ്ടറിന്റെ പരസ്യത്തിൽ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷനാണ് നൽകിയത്. പരസ്യത്തിൽ വ്യക്തവും, കൃത്യവുമായ സ്പെസിഫിക്കേഷൻ നൽകാത്തതിനാൽ വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകളാണ് വിവിധ സ്ഥാപനങ്ങൾ ഇൻവോയിസിൽ നല്കിയിരിക്കുന്നത്. സ്റ്റോർ പർച്ചേസ് മാന്വലിന്റെ വ്യവസ്ഥകൾ പ്രകാരം വാങ്ങലിന്റെ ആവശ്യകതാ നിർണ്ണയം നടത്തേണ്ടതും സാധനങ്ങളുടെ തരം, സ്പെസിഫിക്കേഷൻ, മൂല്യം എന്നിവ കൃത്യമായി തീരുമാനിക്കുക എന്നീ കാര്യങ്ങളിൽ പദ്ധതി രൂപീകരണവേളയിലും, പരസ്യം നൽകുമ്പോഴും വ്യക്തത ഉണ്ടാകേണ്ടതുമാണ്. സാധനങ്ങളുടെ സമാഹരണങ്ങളുടെ കാര്യത്തിൽ ഗണത്തിലും അളവിലും ഏതെങ്കിലും ഘട്ടത്തിൽ വൈരുദ്ധ്യം കണ്ടെത്തിയാൽ ആയത് PPC (Procurement Plan Committee) അംഗങ്ങളുടെ വീഴ്ചയായി കണക്കാക്കാവുന്നതും 1999ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ഉചിതമായ നിയമനടപടിയ്ക്ക് വിധേയമാകുന്നതുമാണ്. ആയതിനാൽ മേൽ വൈരുദ്ധ്യങ്ങൾ ഉണ്ടാകാതെയും പദ്ധതി പദ്ധതി നിർവ്വഹണത്തിലും ടെണ്ടർ നടപടികളും സുതാര്യത കാത്ത് സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| (iv)പ്രോജക്ട് | S0040/17 – സ്കൂൾ ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | 100000/- (വികസന ഫണ്ട് - ജനറൽ) |

| | |
|---|---|
| ചെലവ് തുക | 100000/- |
| ബിൽ നം. | 02/16-17 തീ. 30.3.17 |

ത.സ്വ.ഭ.വ വകുപ്പിന്റെ 05.09.2012ലെ സർക്കുലർ നം. 38156/ ഡി.എ.2/2012പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ 'ബുക്ക്മാർക്കിന്'' മുൻഗണന നൽകേണ്ടതാണ്. ബുക്ക്മാർക്കിലില്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറത്ത് നിന്നും വാങ്ങാൻ പാടുള്ളൂ. എന്നാൽ മേൽ പദ്ധതി പ്രകാരം 100000/- രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ബുക്ക്മാർക്കിൽ ഈ പുസ്തകങ്ങൾ ലഭ്യമല്ല എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ് ഒരു ലക്ഷം രൂപയ്ക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയത്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും ഇത്തരത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പദ്ധതികൾ നടപ്പിലാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്.

പ്രസ്തുത പ്രോജക്ട് പ്രകാരം വാങ്ങി നൽകിയ പുസ്തകങ്ങളിൽ മരുത്വാമല സ്കൂളിന്റെ സ്റ്റോക്കിൽ 640/- രൂപയുടെ പുസ്തകങ്ങൾ ഇല്ല. വിശദാംശം ചുവടെ:

| ക്രമ നം. | പുസ്തകത്തിന്റെ പേര് | വില | എണ്ണം | ആകെത്തുക |
|---|---|---|---|---|
| 1 | ചങ്ങാതി സ്റ്റാംപുകൾ | 55 | 04 | 220 |
| 2 | ചിലന്തിവല | 30 | 04 | 120 |
| 3 | ചെന്തൊപ്പിയണിഞ്ഞ പെൺകുട്ടിയുടെ മറ്റും കഥകളും | 100 | 03 | 300 |
| | | | | 640 |

ആയതിനാൽ 640/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| | |
|---|---|
| (v) പ്രോജക്ട് | S0041/17 – സ്കൂളുകൾക്കാവശ്യമായ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | 90000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് തുക | 89320/- |
| ബിൽ നം. | 08/16-17 തീ. 23.3.17 |

മേൽ പറയുന്ന പ്രോജക്ട് പ്രകാരം 6 കസേരകൾ, 6 അലമാരകൾ എന്നിവ സ്കൂളുകൾക്ക് വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്യുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പരസ്യത്തിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

| ടെണ്ടർ നല്കിയ സ്ഥാപനത്തിന്റെ പേര് | സാധനങ്ങൾ | |
|---|---|---|
| | അലമാര | കസേര |
| 1. ശബരി സ്റ്റീൽ | 78" x 36" x19"<br>20 guage<br>₹6460/- | 5 s type chair<br>full arm Teakwood frame with plastic - 16 guage ₹1498/- |
| 2. ഗ്രേസ് ഇൻഡസ്ട്രീസ് | 78" x36" x19"<br>20 guage<br>₹9240/-<br>(വൗച്ചർ പ്രകാരം 9200) | 14 guage<br>₹1980/-<br>(വൗച്ചർ പ്രകാരം 1965) |

ഗ്രേസ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 8 അലമാരയും 8 കസേരയും വാങ്ങുകയും ചെയ്തിട്ടുണ്ട്. ഗ്രേസ് ഇൻഡസ്ട്രീസിന്റെ വൗച്ചറിൽ അലമാരയ്ക്ക് ₹9200 / unit എന്ന നിരക്കും കസേരയ്ക്ക് ₹ 1965/unit എന്ന നിരക്കും ആണ് കാണിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ ഒരു അലമാരയ്ക്ക് 2740/- രൂപയും ഒരു കസേരയ്ക്ക് 467/- രൂപയും അധികം ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചതിലൂടെ ഒരു യൂണിറ്റിന് (1 അലമാര + 1 കസേര) 3207/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായി. അത്തരത്തിൽ 8എണ്ണം വാങ്ങിയതിലൂടെ 3207 x 8 = 25656/- രൂപയുടെ നഷ്ടമുണ്ടായി. ആയതിനാൽ 25656/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 ഐ.എ.വൈ ഭവന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| Iപ്രോജക്ട് നം. | S0013/17 |
| പേര് | പി.എം.എ.വൈ (ജി) വിഹിതം - ടി.എസ്.പി |
| ബിൽ നം. | A2/13/17 - തീ. 30.11.16 |
| അടങ്കൽ | 1670000/- (വി.ഫ.- ടി.എസ്.പി) |
| ചെലവ് | 1670000/- |

| | |
|---|---|
| II പ്രോജക്ട് നം. | - S0012/17 |
| പേര് | പി.എം.എ.വൈ (ജി) വിഹിതം - എസ്.സി.പി |

| | |
|---|---|
| ബിൽ നം. | A2/12/2017 - തീ. 30.11.16 |
| അടങ്കൽ | 810000/- (വി.ഫ.- എസ്.സി.പി) |
| ചെലവ് | 810000/- |

മേൽപ്പറഞ്ഞ പദ്ധതികളുടെ വിഹിതമിനത്തിൽ യഥാക്രമം 1670000/-രൂപയും 810000/-രൂപയും വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് നൽകിയതായി ഫയൽ പരിശോധനയിൽ കാണുന്നുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യ ത്തിൽ തുക വിനിയോഗിച്ചിട്ടുണ്ടോയെന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും വിലയിരുത്താൻ സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-11 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0003/17 – ഗവ. ഹോമിയോ ഡിസ്പൻസറികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 200000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് തുക | 200000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നം. | 1/16-17, തിയതി. 31.10.16 |

'ഹോമിയോ ഡിസ്പൻസറികൾക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിലേക്കായി 200000/-രൂപയുടെ ട്രഷറി ബിൽ 31.10.16 ന് കേരള സ്റ്റേറ്റ് ഹോമിയോപതി സഹകരണ ഫാർമസിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ 82595/- രൂപയ്ക്ക് മാത്രമേ മരുന്ന് ലഭ്യമാക്കിയിട്ടുള്ളൂ എന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറി 9ന് മറുപടി നല്കിയിട്ടുണ്ട്. ലഭിക്കാനുള്ള 117405/- രൂപയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 വിനിയോഗ സാക്ഷ്യപത്രമോ കൈപ്പറ്റ് രസീതോ ലഭ്യമല്ല – 100000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0197/17 – തിരുവനന്തപുരം ജില്ലാ പാലിയേറ്റീവ് കെയർ വിഹിതം നൽകൽ |

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| അടങ്കൽ തുക | 100000/- (വികസന ഫണ്ട് പൊതുവിഭാഗം സാധാരണം) |
| ചെലവായ തുക | 100000/- |
| ബിൽ നം. | KVP -V /16-17 തീ. 31.03.17 |

തിരുവനന്തപുരം ജില്ലാ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് വികസന ഫണ്ടിൽ നിന്നും 100000/- രൂപ വിഹിതം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക ട്രഷറിയിൽ നിന്നും കൈമാറ്റം ചെയ്തതിന്റെ ട്രാൻസ്ഫർ റസീപ്റ്റോ, ജില്ലാ പഞ്ചായത്തിന് തുക ലഭ്യമായതിന്റെ കൈപ്പറ്റ് രസീതോ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 13 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ജില്ലാ പഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

മേൽ രേഖകൾ ലഭിക്കാത്തത് മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിലയിരുത്തൽ നടത്താൻ സാധിക്കുന്നില്ല. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 ഔഷധിയിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന്റെ കാലതാമസം - പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക് മുൻകൂറായി പണം നൽകിയെങ്കിലും മരുന്നുകൾ സമയബന്ധിതമായി ലഭിച്ചിട്ടില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം. | മരുന്ന് ലഭ്യമായത് | ലഭിക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| 1 | S0017/17 –ആയുർവേദ ഡിസ്പെൻസറിക്ക് വേണ്ടി മരുന്ന് വാങ്ങൽ | 500000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 500000/- | ബിൽ നം.01/16-17 തീ.16.11.16 | 477111/- | 22889/- |
| 2 | S0018/17 –ജീവിതശൈലീ രോഗ ക്ലിനിക്ക് | 200000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 200000/- | ബിൽ നം.02/16-17 തീ.16.11.16 | 167686/- | 32314/- |

27/2/06 ലെ സർക്കുലർ നം. 5398/ഡി.പി-1/2006/ത.സ്വ.ഭ.വ തീ. 28/11/16, സർക്കുലർ നം. 13160/ഡി.പി-1/2010/ത.സ്വ.ഭ.വ എന്നിവ പ്രകാരം ഔഷധിയിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുമ്പോൾ 60 ദിവസത്തിനുള്ളിൽ വിതരണം ചെയ്യണമെന്ന വ്യവസ്ഥയിൽ തുക മുൻകൂറായി നൽകാവുന്നതും ഇത് സംബന്ധിച്ച് കരാർ വയ്ക്കുവാനും 60 ദിവസത്തിനുള്ളിൽ മരുന്ന് നൽകുന്നില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഔഷധിക്ക് 16/11/16ന് തുക മുൻകൂറായി നൽകുകയും 29/11/16ന് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകി 10 മാസം പൂർത്തിയായിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമാക്കാത്തത് ഔഷധിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. 15/10/17നുള്ളിൽ മരുന്ന് നൽകുന്നതാണെന്ന് ഔഷധിയിൽ നിന്ന് അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി - 8 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിനും കാലവിളംബത്തിന് ഔഷധിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 അങ്കണവാടി ജീവനക്കാർക്കുള്ള അധികവേതനം - പ്ലാനിംഗ് ഓഫീസർ / പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രമില്ലാതെ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | S0042/17 – അങ്കണവാടി വർക്കർ/ഹെൽപ്പർ അധികവേതനം |
| അടങ്കൽ തുക | 1445400/- (വി.ഫ.-പൊതുവിഭാഗം-സാധാരണം) |
| ചെലവ് തുക | 1436275/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ബിൽ നം. | 1. 15-3/17 Addl. Honorarium തീ.27.3.17 - ₹240525/- |
| | 2. 10-2/17 Addl. Honorarium തീ.8.3.17 - ₹716150/- |
| | 3. 0-119/11/16 Addl. Honorarium തീ.16.11.16 - ₹479600/- |

വിതുര ഗ്രാമപഞ്ചായത്തിന് കീഴിലുള്ള 33 അങ്കണവാടികളിലെ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം നൽകുന്നതിനായി 1436275/-രൂപ വികസന

ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

16/02/16ലെ GO(Rt)636/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം യഥാക്രമം 10000/-രൂപയും 6000/-രൂപയുമായി വർദ്ധിപ്പിക്കുമ്പോൾ ഇതിലേക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്ന് വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്ഫണ്ടിൽ നിന്നോ, തനത് ഫണ്ട് ലഭ്യമല്ലെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നോ നൽകണമെന്ന വ്യവസ്ഥയിൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികവേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ പ്ലാനിംഗ് ഓഫീസർ/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1436275/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതിനുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നം.11ൽ ആവശ്യപ്പെട്ടതിനുള്ള മറുപടിയായി വിതുര ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് വളരെ കുറവായതിനാൽ ടി തുക തനത് ഫണ്ടിൽ നിന്ന് വകയിരുത്താൻ കഴിയാത്ത അവസ്ഥയുണ്ടായതിനാലാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയതെന്നും ജില്ലാ ആസൂത്രണസമിതിയുടെ സൂക്ഷ്മപരിശോധന നടത്തിയതിന് ശേഷമാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും അറിയിച്ചിരിക്കുന്നു.

അങ്കണവാടി ജീവനക്കാർക്കുള്ള അധികവേതനം തനത് ഫണ്ടിൽ ഉൾപ്പെടുത്തി നൽകാൻ ശ്രദ്ധിക്കേണ്ടതും അല്ലാത്ത പക്ഷം ജില്ലാ പ്ലാനിംഗ് ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വികസനഫണ്ടിൽ നിന്ന് ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്രവിഹതം | 2016-17 | 835130 | അങ്കണവാടി പൂരക പോഷകാഹാരം | 507220 | 327910 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | GO(P)320/ 10 LSGD dtd. 29.10.2016 | 18500000 | 5749650 | 3270000 | - | 2479650 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 7850/-രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക |
|---|---|
| 2000-01 | 64 |
| 2004-05 | 3-10 |
| 2006-07 | 3-7 |
| 2007-08 | 3-8 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 85242482/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91323718/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 199842/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15400/- | ആർ.എസ്.സമീർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-4 | | 128355/- | ശ്രീമതി നിഷാ പിള്ള, അസി. എഞ്ചിനീയർ |
| 3-5 | | 6538/- | ശ്രീമതി നിഷാ പിള്ള, അസി. എഞ്ചിനീയർ |
| 3-6 | | 10002/- | ശ്രീമതി നിഷാ പിള്ള, അസി. എഞ്ചിനീയർ |
| 3-7 | | 13251/- | ശ്രീമതി നിഷാ പിള്ള, അസി. എഞ്ചിനീയർ |
| 3-9 (iv, v) | | 26296/- | ശ്രീ.മോഹനകുമാർ, എച്ച്.എം. |
| ആകെ | | 199842/- | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം*

*മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നിഷാപിള്ള എച്ച്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>വിതുര ഗ്രാമ പഞ്ചായത്ത് | രേവതി, മേടയിൽ,<br>കരുപ്പൂർ, നെടുമങ്ങാട് |
| ശ്രീ. ആർ.എസ്.സമീർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സജ്ന മൻസിൽ, തുമ്പോട്, കല്ലറ പി.ഒ. |
| ശ്രീ. പി.മോഹനകുമാർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, വിതുര | സാരംഗി, പൊന്നാംകോണം, പ്ലാവറ, പച്ച പി.ഒ., പാലോട് |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 100000/- | ഡോ.രാജ്കഫൂർ, മെഡിക്കൽ ഓഫീസർ |
| ആകെ | 100000/- | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.6(സി)890/2001 തീ.17.07.14 | 32 | |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/714/2002 തീ.17.07.14 | 31 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/715/2002 തീ.17.07.14 | 28 | |

| | | | |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1109/2003 തീ.17.07.14 | 41 | (ഖ.നം.64) സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/659/2008 തീ.17.07.14 | 7 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1482/2004 തീ.17.07.14 | 5 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/738/2007 തീ.17.07.14 | 13 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1248/2008 തീ.17.07.14 | 9 | ഖ.നം.3-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1249/ 2008 തീ.17.07.14 | 13 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/1057/ 2009 തീ.30.11.2009/08.02.10 | 18 | ഖ.നം.3-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/854 തീ.16.03.2011 | 9 | ഖ.നം.3-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/855/10 തീ.17.07.14 | 10 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/345/12 തീ.22.05.12<br>നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/346/12 തീ.17.07.14 | 8 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/347/12 തീ.22.05.12, 10.07.2012 | 12 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/13/ 11.11.13, 08.01.2014 | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.5/244/2015 തീ.29.04.15 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/478/ 2016 തീ.30.03.16 | 14 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1382/16 | 43 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2173/16 | 31 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വിതുര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക വിതുര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്ററുകൾ വാല്യു ബേസ്ഡ് ആയി എഴുതി സൂക്ഷിക്കുന്നില്ല.
3. Excess of income over Expenditure ന്റെ നീക്കിയിരിപ്പ് B1 ഷെഡ്യൂളിലും, ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലും വ്യത്യാസപ്പെട്ടിരിക്കുന്നു .
4. B4ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതത്തിൽ 499019/- രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പ് നിലനിൽക്കുന്നു.
5. മുൻ വർഷത്തെ B-15 ഷെഡ്യൂളിലെ തുകയേക്കാൾ കൂടുതലാണ് തൻവർഷത്തെ RP-43ൽ ചേർത്തിട്ടുള്ളത്.
6. അക്കൗണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത കണക്കാക്കുന്നതിനായി ബാങ്ക്/ട്രഷറി റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.